# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4613 26.10.2016-ൽ മറുപടിക്ക്

## വനം വകുപ്പിൽ ആശ്രിത നിയമനം

| ചോദ്യം<br>ശ്രീ. ആന്റണി ജോൺ | | ഉത്തരം<br>അഡ്വ. കെ. രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) |
|---|---|---|
| എ) 25.8.2015 ന്, ഇടുക്കി ജില്ലയിലെ രാജമല അഞ്ചാം മൈൽ ഭാഗത്ത് ആനമുടി ഫോറസ്റ്റ് ഡെവലപ്പ്മെന്റ് എജൻസി വക മിനി ബസ് അപകടത്തിൽ മരണപ്പെട്ട ടാക്സി ഡ്രൈവർ അജീഷ് മോഹനന്റെ ഭാര്യ രാജി.എൻ.ആർ, തൊണ്ടുംകുടി വീട്, പാണിയേലി.പി.ഒ. പെരുമ്പാവൂർ-683546 എന്നയാളുടെ ആശ്രിത നിയമന നടപടികളുടെ പുരോഗതി വ്യക്തമാക്കുമോ; | (എ) | മൂന്നാർ രാജമലയിൽ വച്ച് വനം വകുപ്പിന്റെ വക മിനി ബസ്സ് ഇടിച്ച് മരണപ്പെട്ട ശ്രീ. അജീഷിന്റെ ഭാര്യ ശ്രീമതി.രാജി.എൻ ആറിന് മാനുഷിക പരിഗണന നൽകി എറണാകുളം ജില്ലയിൽ ഓഫീസ് അറ്റന്റന്റ് ആയി ജോലി നൽകുവാൻ 01/03/2016 ലെ മന്ത്രി സഭാ യോഗത്തിലെ ഇനം നം.8647 പ്രകാരം തീരുമാനിച്ചിരുന്നുവെങ്കിലും ഇലക്ഷൻ പെരുമാറ്റച്ചട്ടം നിലവിൽ വന്നതിനാൽ തുടർനടപടികൾ സ്വീകരിക്കാൻ കഴിഞ്ഞില്ല. പുതിയ മന്ത്രി സഭ നിലവിൽ വന്നതിനു ശേഷം ഇക്കാര്യം പുനഃപരിശോധിച്ചുവരികയാണ്. |
| ബി) 30.1.2016 ലെ 9/എഫ്2/2016/ വനം നമ്പർ കത്തു പ്രകാരം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; | (ബി) | മൂന്നാർ വൈൽഡ് ലൈഫ് വാർഡന്റെ റിപ്പോർട്ടിൻ പ്രകാരം ആനമുടി ഫോറസ്റ്റ് ഡവലപ്മെന്റ് എജൻസി മിനി ബസ്സിന്റെ ഡ്രൈവറേയും അഡീഷണൽ ഡ്രൈവറേയും അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്തിട്ടുണ്ട്. |
| സി) അടിയന്തരമായി നിയമനം നൽകുവാൻ നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ? | (സി) | സർക്കാർ ഇക്കാര്യം പരിശോധിച്ചുവരികയാണ്. |

(signature)

**സെക്ഷൻ ഓഫീസർ**